(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വ്യാജരേഖയുണ്ടാക്കി നിയമനം നേടുന്നതു തടയുന്നതിനായി പി.എസ്.സി. നിയമനം സംബന്ധിച്ച് നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ഇ) ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻകീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനുപുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) നടപ്പു സാമ്പത്തികവർഷത്തിൽ 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുമ്പ് നിർബ്ബന്ധമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-2010-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ വരുന്ന ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി.ക്ക് സമയബന്ധിതമായി റിപ്പോർട്ടു ചെയ്യുന്നതിനും എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യാജരേഖകൾ സമർപ്പിച്ച് സർക്കാർ ജോലി കരസ്ഥമാക്കിയ സംഭവം

14 (21) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യാജരേഖകൾ സമർപ്പിച്ച് സർക്കാർ ജോലി കരസ്ഥമാക്കിയ സംഭവം കണക്കിലെടുത്ത് ഏതെല്ലാം ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തിയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരിശോധനയിൽ നിയമനത്തിന്റെ കാര്യത്തിൽ സംശയാസ്പദമായ നടപടിക്രമങ്ങൾ കണ്ടെത്തിയ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(സി) ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

വ്യാജ രേഖ ചമച്ച് ജോലിയിൽ പ്രവേശിച്ചവർ

15 (22) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ വ്യാജരേഖ ചമച്ച് ജോലിയിൽ പ്രവേശിച്ചവരെന്ന് ഇതുവരെ കണ്ടെത്തിയവർ എത്ര ; ഇവരുടെ പേരു വിവരങ്ങൾ ജില്ല തിരിച്ചു വെളിപ്പെടുത്തുമോ ;

(ബി) ഇപ്രകാരം എത്ര പേർ ജോലിയിൽ പ്രവേശിച്ചു ; ഏതെല്ലാം വകുപ്പുകളിലാണ് ഇവർ ജോലി ചെയ്തിരുന്നത് ;

(സി) വ്യാജ നിയമനത്തിന് ഉത്തരവാദികളെന്ന് ഇതുവരെ കണ്ടെത്തിയ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ഇവർ ഏതെല്ലാം പദവികൾ വഹിക്കുന്നവരാണ് ; വ്യക്തമാക്കുമോ ;

(ഡി) കുറ്റക്കാരെന്ന് പ്രാഥമദൃഷ്ട്യാ കണ്ടെത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഇ) മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ സർവ്വീസിൽ അനധികൃതമായി കൂടുതൽ ആളുകൾ കയറിപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly